ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). രാജ്യത്തിൻറെ വളർച്ചയുടെ പാതയിൽ റിസേർവ് ബാങ്ക് വലിയ പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 90-ാം വാർഷിക ആഘോഷ പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു.

Prime Minister Narendra Modi said that the Reserve Bank is playing a major role in the country's growth. The Prime Minister participated in the 90th anniversary celebrations of the Reserve Bank of India.

2). സിബിഐ സ്ഥാപക ദിനാചരണം ഇന്ന്. രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ ചടങ്ങിൽ സമ്മാനിക്കും.

CBI Foundation Day today. President's Police Medals will be presented at the function.

3) നയതന്ത്രത്തിലും അന്താരാഷ്ട്ര ബന്ധങ്ങളിലും ഇന്ത്യയുടെ പൈതൃകം, നാഗരികത, സംസ്കാരം തുടങ്ങിയവയെക്കുറിച്ചുള്ള പദ്ധതികൾ ഉണ്ടാകണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

External Affairs Minister S Jaishankar said there should be plans for India's heritage, civilization and culture in diplomacy and international relations.

**4) രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവം. പ്രചാരണ പ്രവർത്തനങ്ങളുമായി രാഷ്ട്രീയ കക്ഷികൾ.**

**Election activities are active in the country. Political parties with campaign activities.**

**5). അധിക കടമെടുപ്പിനായുള്ള കേരളത്തിന്റെ പ്രധാന ഹർജി സുപ്രീം കോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു.**

**The Supreme Court left Kerala's main plea for additional borrowing to a five-judge constitution bench.**

**6). ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്മുംബൈ ഇന്ത്യൻസ് രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും.**

**Mumbai Indians will face Rajasthan Royals today in IPL cricket.**

**************************************************

**REV PM-MUMBAI VISIT - (INTRO)**

രാജ്യത്തെ ബാങ്കിംഗ് മേഖലയുടെ പരിവർത്തനം ഒരു മാതൃക പഠനമാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി.

രാജ്യത്തിൻറെ വളർച്ചയുടെ പാതയിൽ റിസേർവ് ബാങ്ക് നിർണായക പങ്കുവഹിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. പണപ്പെരുപ്പവുമായി ബന്ധപ്പെട്ട പ്രതീക്ഷകളെ കൃത്യമായി പിടിച്ചുകെട്ടാൻ കേന്ദ്രബാങ്കിനു

കഴിഞ്ഞതായി അദ്ദേഹം അഭിപ്രായപ്പെട്ടു. മുംബൈയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 90-ാം വാർഷിക ആഘോഷ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.

(VOICE….)

കേന്ദ്ര മന്ത്രി നിർമല സീതാരാമൻ, ധനകാര്യ സഹമന്ത്രി ഭഗവത് കിഷൻറാവു കരാഡ്, പങ്കജ് ചൗധരി എന്നിവരും

ചടങ്ങിൽ പങ്കെടുത്തു. ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പരിപാടിയെ അഭിസംബോധന ചെയ്തു .

1935 ഏപ്രിൽ 1-നാണ് റിസർവ് ബാങ്ക് ഓഫ്
ഇന്ത്യ സ്ഥാപിതമായത്.
****************************************

## CBI-LECTURE

സിബിഐ സ്ഥാപക ദിനാചരണം ഇന്ന്. ഇതോടനുബന്ധിച്ച് സിബിഐ 20-ാമത് ഡി.പി. കോഹ്ലി അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് പ്രഭാഷണം നടത്തും. 'നൂതന നീതിന്യായ സംവിധാനത്തിനായി സാങ്കേതികവിദ്യ സ്വീകരിക്കൽ' എന്നതാണ് ഈ വർഷത്തെ പ്രഭാഷണ വിഷയം. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകളും ചടങ്ങിൽ സമ്മാനിക്കും.
****************************************

## JAISHANKAR G20

ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ജി 20 ഉച്ചകോടി, രാഷ്ട്രീയ-സാമ്പത്തിക പുനർ-സന്തുലനത്തിന്റെ ഉദാഹരണമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. രാജ്യമൊട്ടാകെ ഇന്ത്യയുടെ അധ്യക്ഷ സ്ഥാനം ആഘോഷിച്ചതായി പറഞ്ഞ അദ്ദേഹം കുറച്ചു രാജ്യങ്ങൾ ലോക കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന സാഹചര്യത്തിൽ നിന്നും കൂടുതൽ രാജ്യങ്ങളുടെ പങ്കാളിത്തത്തിലേക്കു കാര്യങ്ങൾ വിപുലീകരിക്കപ്പെട്ടതായി അഭിപ്രായപ്പെട്ടു. രാഷ്ട്രീയപരവും സാമ്പത്തികപരവുമായ സന്തുലനത്തിനു ശേഷം നിലവിലെ പോരാട്ടം സാംസ്കാരികപരമായ സന്തുലനം ഉറപ്പാക്കുന്നതിനാണ്. രാജ്യത്തിൻറെ അഭിലാഷങ്ങൾ തിരിച്ചറിയണമെങ്കിൽ നാടിൻറെ

പൈതൃകം സംബന്ധിച്ച് യുവാക്കൾക്ക്
അറിവുണ്ടായിരിക്കണമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.
****************************************

## FM-TAX

ഇന്ന് ആരംഭിച്ച സാമ്പത്തിക വർഷത്തിൽ പുതിയ മാറ്റങ്ങളൊന്നുമുണ്ടാകില്ലെന്ന് കേന്ദ്ര ധനമന്ത്രാലയം. പുതിയ വ്യവസ്ഥയുമായി ബന്ധപ്പെട്ട് ചില സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് മന്ത്രാലയം വ്യക്തമാക്കി. പുതിയ നികുതി വ്യവസ്ഥ പ്രധാനമായും കമ്പനികൾക്കും സ്ഥാപനങ്ങൾക്കും ഒഴികെയുള്ള വ്യക്തികൾക്ക് ബാധകമാണെന്ന് മന്ത്രാലയം അറിയിച്ചു. പുതിയ നികുതി സമ്പ്രദായം അനുസരിച്ചു നികുതിദായകർക്ക് തങ്ങൾക്ക് പ്രയോജനകരമെന്ന് കരുതുന്ന നികുതി വ്യവസ്ഥ തിരഞ്ഞെടുക്കാമെന്നും മന്ത്രാലയം പറഞ്ഞു.
****************************************

## KENDRIYA POLICE KALYAN BHANDAR

ക്ഷേമ നടപടിയെന്ന നിലയിൽ കേന്ദ്രീയ പോലീസ് കല്യാൺ ഭണ്ഡറിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന് ചരക്ക് സേവന നികുതിയുടെ 50 ശതമാനം സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചു. ഇന്ന് മുതൽ ഇത് പ്രാബല്യത്തിൽ വരും. സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ്, സെൻട്രൽ പോലീസ് ഓർഗനൈസേഷനുകൾ, സ്റ്റേറ്റ് പോലീസ് ഫോഴ്സ് എന്നിവയിൽ സേവനമനുഷ്ഠിക്കുന്നവർക്കും വിരമിച്ചവർക്കും അവരുടെ കുടുംബങ്ങൾക്കും പ്രയോജനമുണ്ടാകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
****************************************

## CHHATTISGARH–MAOIST KILLED

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റ് കൊല്ലപ്പെട്ടു. കോബ്രാ ബറ്റാലിയൻ്റെയും ഡിസ്ട്രിക്റ്റ് റിസർവ് ഗാർഡിൻ്റെയും സംയുക്ത സംഘം മേഖലയിൽ നടത്തിയ തിരച്ചിലിനിടെയാണ് വെടിവയ്പ്പ് നടന്നത്. സംഭവസ്ഥലത്ത് നിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തതായി ജില്ലാ പോലീസ് മേധാവി പറഞ്ഞു.

*****************************************

## ODISHA DAY

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ഒഡീഷ ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്നു. പ്രകൃതി സമ്പത്തിനും സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും ഒഡീഷ പേരുകേട്ടതാണെന്നും അവർ വ്യക്തമാക്കി.

*****************************************

## SUPREME COURT

കടമെടുപ്പ് പരിധിയിലെ കേരളത്തിന്റെ പ്രധാന ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു. ഓരോ സംസ്ഥാനത്തിനും എത്ര രൂപ കടമെടുക്കാമെന്നത് ഭരണഘടനാ ബെഞ്ച് പരിഗണിക്കും. കൂടുതൽ കടം എടുക്കാൻ കേരളത്തിന് നിലവിൽ അനുവാദമില്ല. തൽക്കാലം കടമെടുക്കാൻ കേന്ദ്ര നിബന്ധന പാലിക്കണം. ഒരു വർഷം അധികകടം എടുത്താൽ അടുത്ത വർഷത്തിൽ നിന്ന് കുറയ്ക്കാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നും കോടതി നിരീക്ഷിച്ചു. ഭരണഘടനയുടെ 293 ആം അനുച്ഛേദം ഇതുവരെ ചോദ്യം ചെയ്യിട്ടില്ലെന്നും അതിനാൽ

ഭരണഘടനാ ബെഞ്ച് പരിശോധിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വ്യക്തമാക്കി.
****************************************

## AAKASHVANI 75

ആകാശവാണി തിരുവനന്തപുരം നിലയം 75-ാം വർഷത്തിലേക്ക്. ഇന്ന് ഉച്ച തിരിഞ്ഞ് നടക്കുന്ന ചടങ്ങ് പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും. 1943 ൽ ആരംഭിച്ച തിരുവിതാംകൂർ റേഡിയോ സ്റ്റേഷൻ 1950 ഏപ്രിൽ ഒന്നിനാണ് ഓൾ ഇന്ത്യ റേഡിയോയുടെ ഭാഗമായത്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. സാഹിത്യരംഗം, വയലും വീടും, കുടുംബാരോഗ്യം, നാടകം തുടങ്ങി ആകാശവാണിയുടെ വ്യത്യസ്തങ്ങളായ പരിപാടികൾ ജനങ്ങൾക്ക് മുന്നിലെത്തും. നാടകങ്ങൾ, കലാ സഹിത്യ സദസുകൾ, കവിയരങ്ങുകൾ, നാടകാവതരണം, മെഡിക്കൽ ക്യാമ്പുകൾ, കാർഷിക മേളകൾ തുടങ്ങിയവ ഉണ്ടാകും. ആകാശവാണി മുൻ ജീവനക്കാരും വിവിധ പരിപാടികളിൽ അതിഥികളായെത്തും. 1950 മുതൽ 2024 വരെയുള്ള ആകാശവാണിയുടെ വിവിധ പരിപാടികൾ പുനഃപ്രക്ഷേപണം ചെയ്യും.
****************************************

## SEA ALERT

കേരളതീരത്ത് ഉയർന്ന തിരമാലയും കടലാക്രമണവും ഒരുദിവസം കൂടി തുടരുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. 'കള്ളക്കടൽ' എന്ന പ്രതിഭാസമാണ്

വ്യാപകമായ രീതിയിലുള്ള കടലാക്രമണത്തിന് കാരണം. തീരദേശ വാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത പാലിക്കണം.

*******************************************

**ELECTION – (INTRO)**

രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവം.

ഒരു റിപ്പോർട്ട്...

**VOICE...)**

ആദ്യ ഘട്ടം തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമയം കഴിഞ്ഞതോടെ മത്സരചിത്രം തെളിഞ്ഞു. രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുകയാണ്. ഈ മാസം നാല് വരെ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന അഞ്ചാം തീയതിയാണ്. എന്നാൽ ജമ്മു കശ്മീരിൽ ഇത് ആറാം തീയതിയാണ്. എട്ടാം തീയതി വരെ പത്രികകൾ പിൻവലിക്കാം. അതേസമയം,തിരഞ്ഞെടുപ്പ് പ്രചാരണവും പുരോഗമിക്കുകയാണ്. ഇന്നലെ ഉത്തർപ്രദേശിലെ മീററ്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദി റാലിയിൽ സംബന്ധിച്ചു. ഡൽഹിയിൽ രാംലീല മൈതാനിയിൽ ഇന്നലെ ഐ.എൻ.ഡി.ഐ.എ മുന്നണി റാലി സംഘടിപ്പിച്ചു. മുഖ്യമന്ത്രി അരവിന്ദ് കെജ് രി വാളിന്റെ അറസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു റാലി. കേരളത്തിൽ മൂന്ന് മുന്നണികളും പ്രചാരണ തിരക്കിലാണ്.

ന്യൂസ് ഡെസ്ക്, ആകാശവാണി...

*******************************************

**AMIT SHA RAJASTHAN**

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ രാജസ്ഥാൻ സന്ദർശനം പുരോഗമിക്കുന്നു. ഈ മാസം രണ്ട് ഘട്ടമായി നടക്കുന്ന ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഇന്നലെ സംഘടനാ തല യോഗങ്ങളിൽ കേന്ദ്രമന്ത്രി പങ്കെടുത്തു. ജയ്പ്പൂരിൽ പാർട്ടി നേതാക്കളുമായി ആശയവിനിമയം നടത്തി. ദൗസ, കരൗളി ധോൽപൂർ, നാഗൂർ, ചുരു, ജുൻജുന മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾ വിലയിരുത്തി. മുഖ്യമന്ത്രി ഭജൻലാൽ ശർമ്മ, ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ സി.പി ജോഷി , മുൻ പ്രതിപക്ഷ നേതാവ് രാജേന്ദ്ര റാതോഡ് തുടങ്ങിയ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. ഇന്നലെ വൈകിട്ട് ശ്രീ അമിത് ഷാ സികാറിൽ റോഡ് ഷോയും നടത്തി. ഇന്ന് ജോധ്പൂരിൽ പാർട്ടി നേതാക്കളുടെ യോഗത്തിൽ ശ്രീ അമിത് ഷാ പങ്കെടുക്കും.

**********************************************

**MP POLLING UPDATE**

മധ്യപ്രദേശിൽ ആദ്യ ഘട്ടം ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായപ്പോൾ 88 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. ആറ് മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ആകെ 29 ലോക് സഭാ സീറ്റുകളാണ് സംസ്ഥാനത്തുള്ളത്. കേന്ദ്രമന്ത്രി ഫഗൻ സിംഗ് കുലസ്തെ, മുൻ മുഖ്യമന്ത്രി കമൽനാഥിന്റെ മകൻ നകുൽനാഥ് എന്നിവർ ആദ്യഘട്ടത്തിൽ ജനവിധി തേടുന്നു. രണ്ടാം ഘട്ടത്തിലേക്ക് ഇതിനകം എട്ട് നാമനിർദ്ദേശ പത്രികകൾ

സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടം തിരഞ്ഞെടുപ്പ് ഈ മാസം 19-നും രണ്ടാം ഘട്ടം 26 നുമാണ്.
*****************************************

## BJP MANIFESTO MEETING

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രിക തയ്യാറാക്കുന്നതിനുള്ള സമിതിയുടെ യോഗം ഡൽഹിയിൽ പുരോഗമിക്കുന്നു. കേന്ദ്രമന്ത്രി രാജ് നാഥ് സിങ്ങിന്റെ നേതൃത്വത്തിലുള്ള 27 അംഗ സമിതിയുടെ ആദ്യ യോഗമാണിത്. കേന്ദ്രമന്ത്രി നിർമല സീതാരാമൻ ആണ് കൺവീനർ.
*****************************************

## BJP MANIFESTO - 2

കോൺഗ്രസിന്റെ കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി യോഗവും ഇന്നാണ്. തെലങ്കാനയിൽ ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളെ നിശ്ചയിക്കാനാണിത്. പാർട്ടി അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, മുതിർന്ന നേതാവ് സോണിയാ ഗാന്ധി, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി എന്നിവർ പങ്കെടുക്കുന്നുണ്ട്.
*****************************************

## ASSAM-EVMs

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന അസമിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട പരിശോധന പ്രക്രിയ ഇന്ന് നടക്കും.ഇതിനു ശേഷം ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലെ പോളിംഗ് സ്റ്റേഷനുകളിൽ "വിവിപാറ്റ് "ഉൾപ്പെടെയുള്ളവ ലഭ്യമാക്കും. തെരെഞ്ഞെടുപ്പ് നിരീക്ഷകന്റെയും

മത്സരാർത്ഥിയുടെയും സാന്നിധ്യത്തിൽ ഇഎംഎസ് സോഫ്റ്റ്‌വെയർ വഴിയാണ് ഇവ നടക്കുക . മൂന്ന് ഘട്ടമായാണ് അസമിൽ വോട്ടെടുപ്പ് നടക്കുന്നത്. ജോർഹട്ട്, ദിബ്രുഗഡ്, സോനിത്പൂർ, കാസിരംഗ, ലഖിംപൂർ മണ്ഡലങ്ങളിലേക്കാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് .

******************************************

**TURKEY ELECTION**

തുർക്കിയെയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രധാന നഗരങ്ങളായ ഇസ്താംബുൾ, അങ്കാറ എന്നിവിടങ്ങളിൽ പ്രധാന പ്രതിപക്ഷ പാർട്ടി വിജയത്തിലേക്ക്. പ്രസിഡന്റ് റെസെപ് തയ്യിപ് എർദോഗന് കനത്ത തിരിച്ചടിയാണിതെന്ന് വിലയിരുത്തപ്പെടുന്നു. അങ്കാറയിൽ പ്രതിപക്ഷ കക്ഷി സി.എച്ച്.പി യിലെ മേയർ സ്ഥാനാർത്ഥി മൻസുർ യവാസ് വളരെ മുന്നിലാണ്. ഇസ്മിർ, ബർസ, അദന തുടങ്ങിയ മറ്റ് നഗരങ്ങളിലും സി.എച്ച്.പി യാണ് മുന്നിട്ട് നിൽക്കുന്നത്.

******************************************

**I P L**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്മുംബൈ ഇന്ത്യൻസ് രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 07.30 നാണു മത്സരം.കളിച്ച രണ്ടു മത്സരങ്ങളും പരാജയപ്പെട്ട മുംബൈ പട്ടികയിൽ ഏറ്റവും പിന്നിലാണ് .ഹോം ഗ്രൗണ്ടിലെ ഇന്നത്തെ മത്സരം ജയിച്ചു പോയിന്റ് നില മെച്ചപ്പെടുത്താനാവും ഹർദിക് പാണ്ഡ്യയും സംഘവും ശ്രമിക്കുക .ഇന്നലെ നടന്ന മത്സരത്തിൽ ഡൽഹി

ക്യാപിറ്റൽസ് ചെന്നൈ സൂപ്പർ കിങ്സിനെ 20 റൺസിന് പരാജയപ്പെടുത്തി.
*****************************************

**ISL**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി മുംബൈ സിറ്റി യെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.
*****************************************

**PAK-RAIN**

പാകിസ്ഥാനിലെ വിവിധ പ്രദേശങ്ങളിൽ പെയ്ത കനത്ത മഴയിൽ 10 പേർ കൊല്ലപ്പെട്ടു. 12 പേർക്ക് പരിക്കേറ്റു. ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയുടെ വിവിധ ഭാഗങ്ങളിൽ വെള്ളിയാഴ്ച ആരംഭിച്ച പേമാരിയിൽ നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ദുരന്തബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം തുടരുന്നു.
*****************************************

**TENNIS**

മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെൻ്റിൻ്റെ പുരുഷ സിംഗിൾസ് കിരീടം ഇറ്റലിയുടെ ജാനിക് സിന്നർ നേടി. 11-ാം സീഡ് ബൾഗേറിയൻ താരം ഗ്രിഗർ ദിമിത്രോവിനെയാണ് രണ്ടാം സീഡ് സിന്നർ ഫൈനലിൽ പരാജയപ്പെടുത്തിയത്. അമേരിക്കൻ താരം ഡാനിയേൽ കോളിൻസിനാണു വനിതാ സിംഗിൾസ് കിരീടം.
*****************************************

**PM-KATCHATHEEVU**

കച്ചത്തീവ് ദ്വീപ് വിഷയത്തിൽ ഡിഎംകെയെ വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. തമിഴ്നാടിന്റെ

താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഡി എം കെ ഒന്നും ചെയ്തില്ലെന്ന് അദ്ദേഹം ആരോപിച്ചു . ഈ വിഷയത്തിൽ അന്നത്തെ സംസ്ഥാന മുഖ്യമന്ത്രി എം. കരുണാനിധിയെ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി വിശ്വാസത്തിലെടുത്തുവെന്നും ഡിഎം കെ കരാറിനെതിരെ പരസ്യമായി നിലപാട് വ്യക്തമാക്കിയിട്ടും കരാറിന് പ്രധാനമന്ത്രി സമ്മതം നൽകിയെന്നും അവകാശപ്പെട്ട ഒരു മാധ്യമ റിപ്പോർട്ട് പരാമർശിക്കുകയായിരുന്നു അദ്ദേഹം. കച്ചത്തീവിനോടുള്ള നിസംഗത മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങളെ ഹനിച്ചിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും ഈ വിഷയത്തിൽ ഡി എം കെ ക്കെതിരെ ആഞ്ഞടിച്ചു.1974-ൽ ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം അന്നത്തെ സർക്കാർ കച്ചത്തീവ് ദ്വീപ് ശ്രീലങ്കയ്ക്ക് വിട്ടുകൊടുത്തിരുന്നു

*******************************************

**CYCLONIC STORM**

പശ്ചിമ ബംഗാളിലെ ജൽപായ്ഗുരി ജില്ലയിൽ ഇന്നലെ വീശിയടിച്ച ചുഴലിക്കാറ്റിൽ നാല് പേർ കൊല്ലപ്പെട്ടു. നൂറിലധികം പേർക്ക് പരിക്കേറ്റു. നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. സംഭവത്തിൽ അനുശോചനം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി താൻ കൊടുങ്കാറ്റിൽ ദുരിതം അനുഭവിക്കുന്നവരോടൊപ്പ മാണെന്ന് സമൂഹമാധ്യമത്തിലൂടെ പറഞ്ഞു. പശ്ചിമ ബംഗാളിലെ നിലവിലെ അവസ്ഥയിലും പ്രധാനമന്ത്രി നരേന്ദ്രമോദി ആശങ്ക രേഖപ്പെടുത്തി. ഉദ്യോഗസ്ഥരുമായി

സംസാരിച്ചിട്ടുണ്ടെന്നും ദുരിതബാധിതർക്ക് സഹായം ഉറപ്പാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.രൂക്ഷമായ കാലാവസ്ഥ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനജീവിതത്തെയും ബാധിച്ചു. അസമിൽ കനത്ത മഴയിൽ ഗുവാഹത്തി വിമാനത്താവളത്തിലെ സീലിങ്ങിൻ്റെ ഒരു ഭാഗം തകർന്നു.

****************************************

## IMD

വടക്കുകിഴക്കൻ സംസഥാനങ്ങളിൽ വ്യാഴാഴ്ച വരെ ശക്തമായ ഇടിമിന്നലോടുകൂടി മഴയുണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ജമ്മു കാശ്മീർ, ലഡാക്ക്, മുസാഫറാബാദ്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ മഴയും മഞ്ഞുവീഴ്ചയും ഉണ്ടാകാൻ സാധ്യതയുണ്ട്.

****************************************

## ELEPHANT -ATTACK

പത്തനംതിട്ട റാന്നി തുലാപ്പള്ളി പുളിയൻകുന്ന് മലയിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. പുളിയൻകുന്ന് മല കുടിലിൽ ബിജുവാണ് മരിച്ചത്. ഇന്ന് പുലർച്ചെ മൂന്നോടെ ബിജുവിന്റെ മൃതദേഹം വീട്ടിൽ നിന്നും 50 മീറ്റർ അകലെ കണ്ടെത്തുകയായിരുന്നു. പുരയിടത്തിൽ ഇറങ്ങിയ ആനയെ ഓടിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് സംഭവമെന്ന് സമീപവാസികൾ പറഞ്ഞു. പമ്പപോലീസും, കണമല ഫോറസ്ററ് ഉദ്യോഗസ്ഥരും സ്ഥലത്ത് എത്തി.

****************************************************************